"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 10-ാം ശമ്പള പരിഷ്കരണം ആർക്കിടെക്ട് തസ്തികയ്ക്കും, 2 ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾക്കു കൂടിയും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/HSG തീയതി,തിരുവനന്തപുരം, 08-08-2024

---

പരാമർശം:-
1. സ.ഉ.(അച്ചടി)നം.7/2016/ധന തീയതി 20.01.2016
2. സ.ഉ.(കൈ)നം.8/2018/ഭവനം, തീയതി 10.10.2018
3. സ.ഉ.(കൈ)നം.7/2021/ഭവനം തീയതി 19.05.2021
4. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 21.03.2023, 17.10.2023 തീയതികളിലെ KSHB-HO/662/2022-AD2(A) നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 10-ാം ശമ്പള പരിഷ്കരണം അനുവദിച്ച പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് അനുവദിച്ച 10-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിച്ചും സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചും പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2), (3) ഉത്തരവുകളിൽ ആർക്കിടെക്ട് തസ്തികയ്ക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ചിട്ടില്ലായെന്നും, ശമ്പള പരിഷ്കരണം അനുവദിച്ചതിനു ശേഷം നിയമിക്കപ്പെട്ട രണ്ട് ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ചിട്ടില്ലായെന്നും ആയത് പരിഹരിച്ച് പ്രസ്തുത തസ്തികകൾക്ക് കൂടി പത്താം ശമ്പള പരിഷ്കരണം അനുവദിക്കണമെന്നും പരാമർശം (4) - ലെ കത്തുകൾ പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പത്താം ശമ്പളപരിഷ്കരണം ആർക്കിടെക്ട്, ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾക്ക് താഴെ പറയുന്ന രീതിയിൽ അനുവദിച്ച് പരാമർശം (2), (3) എന്നിവയിലെ ഉത്തരവുകൾ ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആർക്കിടെക്ട് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന്റെ സാമ്പത്തികാനുകൂല്യങ്ങൾ ഭേദഗതി ഉത്തവിന്റെ തീയതി മുതൽ മാത്രം അനുവദിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ആർക്കിടെക്ട് തസ്തികയ്ക്ക് ഒൻപതാം ശമ്പളപരിഷ്കരണ ഉത്തരവിൽ അനുവദിച്ച സ്കെയിലായ 29180-43640 ന്റെ കറസ്പോണ്ടിംഗ് സ്കെയിലായ 55350-101400 എന്ന സ്കെയിലിൽ ആർക്കിടെക്ട് തസ്തികയ്ക്ക് കൂടി പത്താം ശമ്പളപരിഷ്കരണം അനുവദിച്ച് ഉത്തരവാകുന്നു.

ii. ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്കുള്ള നിയമനത്തിന്റെ ഫലമായുള്ള സാമ്പത്തികാനുകൂല്യങ്ങൾ ഭേദഗതി ഉത്തരവിന്റെ തീയതി മുതൽ മാത്രം അനുവദിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 2 ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾക്ക് കൂടി പത്താം ശമ്പളപരിഷ്കരണം അനുവദിച്ച് ഉത്തരവാകുന്നു.

3. പരാമർശം (2),(3) ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ്
ധനകാര്യ വകുപ്പ് (22.05.2024 - ലെ 2411880/PU-C3/60/2023-FIN പ്രകാരം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ) വകുപ്പ്
ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 08-08-2024 14:20:41